ആർ ബി ഐ - 2004-05/284
ഡി ബി ഒ ഡി നമ്പർ എ എം എൽ ബി സി.58/14.01.001/2004-05

നവംബർ 29, 2004

**എല്ലാ വ്യാവസായിക ബാങ്കുകളുടെയും ചീഫ് എക്സിക്യൂട്ടീവുമാർ**

സർ,

**'ഉപഭോക്താവിനെ അറിയുക' (KYC) മാർഗ്ഗനിർദ്ദേശങ്ങൾ - ആന്റി-മണിലാൺഡറിംഗ് മാനദണ്ഡങ്ങൾ.**

ഉപഭോക്താവിനെ അറിയുക എന്ന പദ്ധതിയുടെ മാനദണ്ഡങ്ങളെ കുറിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്ന ഞങ്ങളുടെ ആഗസ്റ്റ് 16, 2002 ലെ സർക്കുലർ DBOD.No.AML.BC.18/14 01.001/2002-03 ശ്രദ്ധിക്കുക. അതിൽ അക്കൗണ്ടുതുടങ്ങുന്നതിനും സംശയാസ്പദമായ ചില പ്രത്യേക ഇടപാടുകൾ നിരീക്ഷിക്കുന്നതിനും അവ ബന്ധപ്പെട്ട അധികാരികളുടെ ശ്രദ്ധയിൽ പെടുത്തുന്നതിനുമായി ബാങ്കുകളോട് ഉപഭോക്താവിനെ തിരിച്ചറിയുന്നതിനുള്ള നടപടിക്രമങ്ങൾ പാലിക്കാൻ നിർദ്ദേശിച്ചിരുന്നു.ആന്റി-മണിലാൺഡറിംഗ് (AML) സ്റ്റാൻഡേർഡ്, കോംബാറ്റിംഗ് ഫിനാൻസിംഗ് ഓഫ് ടെററിസം (C.F.T) എന്നിവയെപ്പറ്റി ഫിനാൻഷ്യൽ ആക്ഷൻ ടാക്സ് ഫോഴ്സ് (FATF) ശുപാർശ ചെയ്തിട്ടുള്ള നിർദ്ദേശങ്ങളുടെ പശ്ചാത്തലത്തിൽ ഉപഭോക്താവിനെ അറിയുക എന്ന പദ്ധതി വിശകലനം ചെയ്യപ്പെട്ടിട്ടുണ്ട്. അന്താരാഷ്ട്രതലത്തിൽ തന്നെ മണിലോണ്ടറിംഗും ഫിനാൻസിംഗ് ഓഫ് ടെററിസവും ചെറുക്കുന്നതിനായി രൂപപ്പെടുത്തിയിട്ടുള്ള കർമ്മപരിപാടികളുടെ ഭാഗമായി ബന്ധപ്പെട്ട നിയന്ത്രണ ഉദ്യോഗസ്ഥർ ഈ മാനദണ്ഡങ്ങൾ സ്വീകരിച്ചിട്ടുണ്ട്. അന്താരാഷ്ട്ര സാമ്പത്തിക ബന്ധങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ഈ മാനദണ്ഡങ്ങൾ ബാങ്കുകളും ഇതരസാമ്പത്തിക സ്ഥാപനങ്ങളും രാജ്യങ്ങളും പാലിക്കേണ്ടതാണ്. ഫിനാൻഷ്യൽ ആക്ഷൻ ടാക്സ് ഫോർസ് പുറപ്പെടുവിച്ച ശുപാർശകളും ബാങ്കിംഗ് മേൽനോട്ടത്തിനായുള്ള ബേസൽകമ്മിറ്റി കസ്റ്റമർ ഡ്യൂ ഡിലിജൻസ് (CDD) നെപ്പറ്റി അവതരിപ്പിച്ച രേഖകളും ഉൾക്കൊള്ളുന്ന വിപുലമായ മാർഗ്ഗനിർദ്ദേശങ്ങൾ ഇതോടൊപ്പം അയക്കുന്നു. ഉപഭോക്താവിനെ അറിയുക, ആന്റി മണി ലോണ്ടറിംഗ് നടപടികൾ എന്നിവയ്ക്ക് അനുയോജ്യമായ പ്രവർത്തന സംവിധാനം ബാങ്കുകൾ ആവിഷ്കരിക്കണമെന്നും ബോർഡിന്റെ അംഗീകാരത്തോടെ ഈ സർക്കുലർ ലഭിച്ച് മൂന്ന് മാസത്തിനുള്ളിൽ തന്നെ നടപ്പിൽവരുത്തണമെന്നും ഇതിനാൽ അറിയിക്കുന്നു. ഈ സർക്കുലറിൽ അനുശാസിക്കുന്ന കാര്യങ്ങളോട് ഡിസംബർ 31, 2005 ന് മുമ്പ് ബാങ്കുകൾ പൂർണ്ണവിധേയത്വം ഉറപ്പാക്കേണ്ടതുമാണ്.

**2.** പ്രവർത്തനത്തിനുള്ള മാനദണ്ഡങ്ങൾ സ്വീകരിക്കുമ്പോൾ ഞങ്ങളുടെ സർക്കുലർ ഡി ബി ഒ ഡി എ എം എൽ ബി സി നമ്പർ 83/14.01.001/2003-04 (മെയ് 12, 2004) യിലെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. ഇത് പ്രകാരം ഉപഭോക്താവിൽ നിന്നും നേടുന്ന വിവരങ്ങൾ രഹസ്യമായി സൂക്ഷിക്കേണ്ടതും യാതൊരുകാരണവശാലും അത്തരം വിവരങ്ങൾ പുറത്തുവിടാൻ പാടില്ലാത്തതുമാണ്. ആയതിനാൽ ഉപഭോക്താവിൽ നിന്നും ആവശ്യപ്പെടുന്ന വിവരങ്ങൾ പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്ക് പൂർണ്ണമായും അനുസൃതമായിരിക്കണമെന്ന് ബാങ്കുകൾ ഉറപ്പ് വരുത്തേണ്ടതാണ്. അക്കൗണ്ട് തുടങ്ങിയതിന് ശേഷം മാത്രമേ ഉപഭോക്താവിനെക്കുറിച്ചുള്ള മറ്റെങ്കിലും വിവരങ്ങൾ പ്രത്യേകമായി അവന്റെ/അവളുടെ സമ്മതത്തോടെ ശേഖരിക്കാൻ അനുവാദമുള്ളു.

3. ഡിമാന്റ് ഡ്രാഫ്റ്റ്, മെയിൽ/ടെലിഗ്രാഫിക് ട്രാൻസ്ഫർ, ട്രാവലേഴ്സ് ചെക്കുകൾ എന്നിവയുടെ 50000 മോ അതിലധികമോ വരുന്ന തുകയ്ക്കുള്ള ബാങ്ക് ഇടപാടുകൾ നിർബന്ധമായും ചെക്ക് മുഖേന മാത്രമായിരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ രൊക്കം പണം സ്വീകരിക്കാൻ പാടില്ലാത്തതാണ്.

4. വിദേശസംഭാവന നിയന്ത്രണചട്ടം, 1976 ലെ നിബന്ധനകൾ കർശനമായും പാലിക്കേണ്ടതാണ്.

5. ബാങ്കിംഗ് റഗുലേഷൻ ആക്ട്, 1949 ലെ സെക്ഷൻ 35A പ്രകാരമാണ് ഈ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത്. അനാവശ്യമായ ഇടപെടലുകളോ മന:പൂർവം നടപ്പിലാക്കാതിരിക്കുകയോ വരുന്ന സന്ദർഭങ്ങളിൽ ബാങ്കിംഗ് ആക്ടിന്റെ ബന്ധപ്പെട്ട വകുപ്പുകൾക്ക് വിധേയമായി ശിക്ഷണനടപടികൾ ഉണ്ടാകുന്നതാണ്.

6. ബാങ്കുകൾ പ്രവർത്തനമാർഗ്ഗരേഖ തയ്യാറാക്കി നടപ്പിലാക്കി തുടങ്ങിയാൽ ഉപഭോക്താവിനെ അറിയുക ആന്റി മണിലോണ്ടറിംഗ് എന്നിവയിലെ നിർദ്ദേശങ്ങൾ ഈ സർക്കുലറിൽ നാളിതുവരെ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ശുപാർശകൾക്ക് പകരമാകുന്നതാണ്.

വിശ്വസ്തതയോടെ

പ്രശാന്ത് സരൺ
ചീഫ് ജനറൽ മാനേജർ

ഉള്ളടക്കം : മുകളിൽ സൂചിപ്പിച്ചപോലെ

ഉപഭോക്താവിനെ അറിയുക

ആന്റി മണിലോണ്ടറിംഗ് നടപടികൾ എന്നിവയെപ്പറ്റി മാർഗ്ഗനിർദ്ദേശങ്ങൾ

ഉപഭോക്താവിനെ അറിയുക - മാനദണ്ഡങ്ങൾ

1 മണിലോണ്ടറിംഗ് പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന കുറ്റവാളികൾ മനപൂർവമോ അല്ലാതെയോ ബാങ്കുകളെ കബളിപ്പിക്കുന്നത് തടയുക എന്നുള്ളതാണ് കെ വൈ സി മാർഗ്ഗനിർദ്ദേശങ്ങളുടെ പരമമായ ലക്ഷ്യം. ഉപഭോക്താക്കളെ അറിയുന്നതിനും മനസ്സിലാക്കുന്നതിനും അവരുടെ സാമ്പത്തിക ഇടപാടുകൾ വീക്ഷിക്കുന്നതിനും അതു വഴി അവരുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനും കെ വൈ സി യുടെ പ്രവർത്തനം ബാങ്കുകളെ സഹായിക്കുന്നു. താഴെ ചേർക്കുന്ന നാല് ഘടകങ്ങൾ ചേർത്ത് ബാങ്കുകൾക്ക് അവരവരുടെ കെ വൈ സി പദ്ധതികൾ ആസൂത്രണം ചെയ്യാവുന്നതാണ്.

(i) ഉപഭോക്തൃ സ്വീകാര്യ പദ്ധതി
(ii) ഉപഭോക്താവിനെ തിരിച്ചറിയുന്നതിനുള്ള പ്രക്രിയകൾ
(iii) ഇടപാടുകളുടെ നിരീക്ഷണം
(iv) അപകടസാധ്യതാ നിയന്ത്രണം

കെ വൈ സി പദ്ധതിക്കായി ഉപഭോക്താവിനെ താഴെ പറയുന്നതരത്തിൽ നിർവ്വചിക്കാവുന്നതാണ്:

- ബാങ്കുമായി ബിസിസ്സ് ബന്ധമുള്ളതോ ബാങ്കിൽ അക്കൗണ്ട് നിലനിർത്തുന്നതോ ആയ ഒരു വ്യക്തിയോ സ്ഥാപനമോ.
- മറ്റൊരു വ്യക്തിയുടെ പേരിൽ അക്കൗണ്ട് പരിപാലിക്കുന്ന വ്യക്തി (അഥവാ ഗുണഭോക്താവ്)
- നിയമപരമായി ഇടപാടുകാർക്ക് വേണ്ടി പ്രവർത്തിക്കുന്ന സ്റ്റോക്ക് ബ്രോക്കർമാർ, ചാർട്ടേർഡ് അക്കൗണ്ടന്റുമാർ, സോളിസിറ്റർമാർ തുടങ്ങിയവർ.
- ബാങ്കുകളുടെ പ്രതിച്ഛായയ്ക്ക് ഭീഷണിയുയർത്തുന്ന പംമിടപാടുമായി ബന്ധപ്പെട്ടയാൾ. ഉദാ:- ഭീമമായ തുകയ്ക്കുള്ള വയർ ട്രാൻസ്ഫർ, ഡിമാന്റ് ഡ്രാഫ്റ്റ് തുടങ്ങിയവയുടെ ഏക ഇടപാട്.

കസ്റ്റമർ അക്സെപ്റ്റൻസ് പോളിസി (CAP)

2 വ്യക്തമായ മാനദണ്ഡങ്ങൾക്ക് വിധേയമായിട്ടായിരിക്കണം ബാങ്കുകൾ ഉപഭോക്തൃ സ്വീകാര്യ പദ്ധതി ആവിഷ്കരിക്കേണ്ടത്. ഉപഭോക്തൃ ബന്ധം ഉറപ്പാക്കുന്നതിനായി താഴെ ചേർക്കുന്ന നിർദ്ദേശങ്ങൾ ഉപഭോക്തൃ സ്വീകാര്യ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്.

(i) അജ്ഞാത നാമത്തിലോ, സാങ്കൽപിക നാമത്തിലോ, ബിനാമി നാമത്തിലോ അക്കൗണ്ട് തുടങ്ങാൻ അനുവദിക്കാൻ പാടുള്ളതല്ല.

(ii) ലെവൽ I, ലെവൽ II, ലെവൽ III എന്നീ തലങ്ങളിലായി ഉപഭോക്താക്കളെ വേർതിരിച്ച് അക്കൗണ്ടുകളിലെ അപകടസാധ്യയെ ലോ, മീഡിയം, ഹൈ എന്നിവയായി തരംതിരിക്കേണ്ടതാണ്. ബിസിനസ്സ് പ്രവർത്തന ശൈലി, ഉപഭോക്താവിന്റെയും അയാളുടെ കക്ഷികളുടെയും പ്രവൃത്തി സ്ഥലം, ഇടപാടുകളുടെ രീതി, വരുമാനത്തിന്റെ അളവ്, സാമ്പത്തികവും സാമൂഹികവുമായ പദവി എന്നിവ അക്കൗണ്ടുകളുടെ പ്രവർത്തനത്തിലെ അപകട സാധ്യത കണക്കിലെടുക്കുമ്പോൾ വിലയിരുത്തേണ്ടതാണ്. രാഷ്ട്രീയ പ്രവർത്തന മേഖലയിലുള്ള (PEP- അനുബന്ധം I ശ്രദ്ധിക്കുക) ഇടപാടുകാരുടെ കാര്യത്തിൽ അതീവ ജാഗ്രത പുലർത്തേണ്ടിവരുമെന്നതിനാൽ അത്തരക്കാരെ ഉയർന്ന അപായ സാധ്യത ഉള്ള തരക്കാരായി കണക്കിലെടുക്കേണ്ടതാണ്.

(iii) അക്കൗണ്ടുകളിലെ അപായസാധ്യത വിലയിരുത്തി തരംതിരിക്കപ്പെട്ട വിവിധയിനം ഉപഭോക്താക്കളെപ്പറ്റിയുള്ള വിവരങ്ങൾ PML ചട്ടം, 2002 ലെയും കാലാകാലങ്ങളിൽ റിസർവ് ബാങ്ക് പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദേശങ്ങളിലെയും വ്യവസ്ഥകൾക്ക് അനുസൃതമായി ശേഖരിക്കേണ്ടതാണ്.

(iv) അക്കൗണ്ടുകളിലെ അപായസാധ്യ വിലയിരിത്തുന്നതിന് മതിയായ വിവരങ്ങൾ ലഭ്യമാകാതിരിക്കുകയോ ഉപഭോക്താക്കളിൽ നിന്നും ഇക്കാര്യത്തിൽ വേണ്ട സഹായസഹകരണം കിട്ടാതിരിക്കുകയോ തിരിച്ചറിയൽ രേഖകൾ അപര്യാപ്തമായിരിക്കുകയോ ചെയ്യുന്ന സന്ദർഭങ്ങളിൽ അക്കൗണ്ടുകൾ തുടങ്ങാനോ നിലവിലുള്ള അക്കൗണ്ടുകൾ അവസാനിപ്പിക്കുവാനോ ബാങ്കുകൾ അനുവദിക്കേണ്ടതില്ല. എന്നാൽ ഇത്തരം സാഹചര്യങ്ങളിൽ ഉപഭോക്താക്കളെ അനാവശ്യമായി ഉപദ്രവിക്കുന്ന തരത്തിലല്ലാത്ത ക്രമീകരണങ്ങൾ ഏർപ്പെടുത്തേണ്ടതാണ്. ഉദാഹരണമായി, അക്കൗണ്ട് അവസാനിപ്പിക്കേണ്ടിവരുമ്പോൾ അക്കാര്യം കാര്യകാരണസഹിതം ഉപഭോക്താവിനെ മുൻകൂട്ടി തന്നെ അറിയിച്ചിരിക്കേണ്ടതാണ്.

(v) മറ്റൊരു വ്യക്തിക്ക് വേണ്ടി അക്കൗണ്ട് പ്രവർത്തനം നടത്തുന്ന ആളിനെക്കുറിച്ച് സ്ഥിരമായിട്ടുള്ള ബാങ്കിംഗ് നിയമങ്ങൾക്ക് വിധേയമായി അന്വേഷണം നടത്തേണ്ടതാണ്.

(vi) പുതിയ അക്കൗണ്ടുകൾ തുടങ്ങാൻ അനുവദിക്കുമ്പോൾ തീവ്രവാദികളായോ, തീവ്രവാദി സംഘങ്ങളായോ ബന്ധമുള്ളതും ക്രിമിനൽ പശ്ചാത്തലം ഉള്ളതുമായുള്ള ഉപഭോക്താവിനെക്കുറിച്ചുള്ള വിശദമായ പരിശോധനകൾ നടത്തേണ്ടതാണ്.

(vii) അപായ സാധ്യത കണക്കാക്കി ഓരോ ഉപഭോക്താവിനെയും കുറിച്ചുള്ള പ്രൊഫൈൽ ബാങ്കുകൾ തയ്യാറാക്കേണ്ടതാണ്. അത്തരം പ്രൊഫൈലിൽ ഉപഭോക്താവിന്റെ തിരിച്ചറിയൽ രേഖ, സാമൂഹികവും സാമ്പത്തികവുമായസ്ഥിതി, ബിസിനസ്സ് പ്രവർത്തനത്തിന്റെ ശൈലി, ഉപഭോക്താവിന്റെ കൂട്ടുകക്ഷികളുടെ ബിസിനസ്സ് രീതിയും ആസ്ഥാനവും തുടങ്ങിയകാര്യങ്ങൾ ഉൾപ്പെടുത്തേണ്ടതാണ്. കണ്ടെത്തിയിട്ടുള്ള അപായസാധ്യതകൾക്ക് അനുസൃതമായി ജാഗ്രതാ നടപടികൾ ക്രമീകരിക്കേണ്ടതുമാണ്. എന്നാൽ അപായസാധ്യതയുടെ അടിസ്ഥാനത്തിൽ മാത്രമായിരിക്കണം പ്രൊഫൈലിലെ വിവരങ്ങൾ രേഖപ്പെടുത്തേണ്ടത്,അവ അക്കൗണ്ടുടമയുടെ വ്യക്തിജീവിതത്തിലേക്കുള്ള കൈകടത്താലാകരുത്. പ്രൊഫൈലിലെ വിവരങ്ങൾ ബാങ്കുകൾ അതീവരഹസ്യമായി സൂക്ഷിക്കേണ്ടതും യാതൊരു കാരണവശാലും അവ പുറത്ത് ചോർന്ന് പോകാൻ അനുവദിക്കാൻ പാടില്ലാത്തതുമാണ്.

അപായസാധ്യത കണക്കാക്കി ഉപഭോക്താക്കളെ തരംതിരിക്കേണ്ടി വരുമ്പോൾ തിരിച്ചറിയലും വരുമാനത്തിന്റെ സ്രോതസ്സും സുതാര്യമാണെന്ന് കാണുന്നുവെങ്കിൽ അത്തരക്കാരെ കുറഞ്ഞ അപായസാധ്യതാ ഗണത്തിൽ പെടുത്താവുന്നതാണ്. മാസശമ്പളം ശരിയായി നിർവചിക്കപ്പെട്ടിട്ടുള്ളവർ, സാമ്പത്തികമായി താഴ്ന്നനിലവാരത്തിലുള്ള ചെറിയ ബാങ്ക് ബാലൻസ് ഉടമകൾ, സർക്കാർ സ്ഥാപനങ്ങളും സർക്കാർ ഉടമസ്ഥതയിലുള്ള കമ്പനികളും, നിയമാസുതൃതമായുട്ടുള്ള സംഘടനകൾ എന്നിവയെ കുറഞ്ഞ അപായസാധ്യതയുള്ള അക്കൗണ്ട് ഉടമകളായി കണക്കാക്കാവുന്നതാണ്. മേൽ സൂചിപ്പിച്ചവരുടെ കാര്യത്തിൽ തിരിച്ചറിയൽ പ്രക്രീയ, ഉപഭോക്താവിന്റെ ആസ്ഥാനും തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ മാത്രം പരിശോധിച്ച് ബോധ്യപ്പെട്ടാൽ മതിയാകും. ബാങ്കിന് ശരാശരിക്ക് മുകളിൽ അപായസാധ്യത ഉണ്ടാക്കാവുന്ന ഉപഭോക്താക്കളെ അവരുടെ പശ്ചാത്തലം, ആസ്ഥാനവും പ്രവർത്തനത്തിന്റെ സ്വഭാവം, ജനിച്ച പ്രദേശം, വരുമാനത്തിന്റെ ഉറവിടം, കക്ഷികളുടെ പ്രൊഫൈൽ എന്നിവയെ അടിസ്ഥാനമാക്കി മീഡിയം അല്ലെങ്കിൽ ഹൈ എന്നിങ്ങനെ തരംതിരിക്കേണ്ടതാണ്.

ഇത്തരത്തിൽ അപായസാധ്യത വിലയിരുത്തി കഴിഞ്ഞാലും വരുമാനത്തെക്കുറിച്ചുള്ള രൂപം അദൃശ്യമായിട്ടുള്ളവരെ ഉയർന്ന അപായസാധ്യതയുള്ളവരായി കണക്കാക്കേണ്ടതും അവരുടെ കാര്യത്തിൽ അതീവ ജാഗ്രത കൈകൊള്ളാനുള്ള നടപടിക്രമങ്ങൾ ബാങ്കുകൾ സ്വീകരിക്കേണ്ടതുമാണ്. അതീവ ജാഗ്രതാ നടപടികൾ വേണ്ട ഉപഭോക്താക്കളിൽ (a)

പ്രവാസി ഉപഭോക്താക്കൾ (b) ഉയർന്ന സാമ്പത്തിക മൂല്യം കൽപ്പിക്കാവുന്ന വ്യക്തികൾ (c) ട്രസ്റ്റുകൾ, ധർമ്മസ്ഥാപനങ്ങൾ,എൻ ജി ഒ കൾ, സംഭാവന സ്വീകരിക്കുന്ന സംഘടനകളും (d) കുടുംബഭാഗമോ ഗുണഭോക്തൃ ഉടമസ്ഥതയോ ഉള്ള കമ്പനികൾ (e) അചേതനമായ പങ്കാളികളുള്ള സ്ഥാപനങ്ങൾ (f) വിദേശ ഉറവിടമുള്ള രാഷ്ട്രീയ മേഖലയിലുള്ള വ്യക്തികൾ (PEP) (g) മുഖാമുഖ ബന്ധമില്ലാത്ത ഉപഭോക്താക്കൾ (h) പൊതുവിവരമനുസരിച്ച് അപകീർത്തിയുള്ള വ്യക്തികൾ എന്നിവർ ഉൾപ്പെടുന്നു.

ഉപഭോക്തൃ സ്വീകാര്യപദ്ധതി നടപ്പാക്കുമ്പോൾ ബാങ്കിന്റെ നടപടിക്രമങ്ങൾ അത്യന്തം നിയന്ത്രിതമാക്കുന്നതു വഴി സാമ്പത്തികമായും സാമൂഹികമായും പിന്നോക്കം നിൽക്കുന്നവർക്ക് ബാങ്കിംഗ് സേവനം ലഭ്യമാകാതിരിക്കുന്ന അവസ്ഥ സംജാതമാകാൻ പാടില്ലെന്ന കാര്യം പ്രധാനമായും ഓർമ്മിക്കേണ്ടതാണ്.

**ഉപഭോക്താവിനെ തിരിച്ചറിയുന്ന പ്രക്രിയ (CIP)**

3 ബോർഡ് ഓഫ് ബാങ്ക്സ് അംഗീകരിച്ച പദ്ധതി നടപ്പാക്കുമ്പോൾ വിവിധതലങ്ങളിൽ ഉപഭോക്താവിനെ തിരിച്ചറിയുന്ന പ്രക്രിയയെപ്പറ്റി വ്യക്തമായ ധാരണ ഉണ്ടായിരിക്കേണ്ടതാണ്. ബാങ്കിംഗ് ബന്ധം സ്ഥാപിക്കുമ്പോഴും, ഒരു സാമ്പത്തിക ഇടപാട് നടത്തുമ്പോഴും, ബാങ്കിനു മുമ്പു ലഭിച്ചിട്ടുള്ള തിരിച്ചറിയൽ രേഖകളിൽ അപാകത ദൃശ്യമാകുമ്പോഴും ഇവ കണക്കിലെടുക്കേണ്ടതാണ്. വ്യക്തവും വിശ്വസനീയവുമായ രേഖകളുടെ/വിവരങ്ങളുടെ അടിസ്ഥാനത്തിൽ അക്കൗണ്ട് തുടങ്ങുന്ന സ്ത്രീയേയോ പുരുഷനേയോ മനസ്സിലാക്കുന്നതിനെയാണ് ഉപഭോക്താവിനെ തിരിച്ചറിയുക എന്നതുകൊണ്ട് വിവക്ഷിക്കുന്നത്. ഓരോ പുതിയ ഉപഭോക്താവിനെയും അവർ ബാങ്കിനു നൽകുന്ന തിരിച്ചറിയൽ രേഖകളുടെയും വ്യക്തി വിവരങ്ങളുടെയും അടിസ്ഥാനത്തിൽ, ബാങ്കിംഗ് ബന്ധത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ കണക്കിലെടുത്തുകൊണ്ട് തിരിച്ചറിയേണ്ടതാണ്. മാർഗ്ഗനിർദ്ദേശങ്ങൾ അനുശാസിക്കുന്നതരത്തിലുള്ള അപായസാദ്ധ്യത പ്രൊഫൈൽ ഉൾപ്പെടെയുള്ള ഉപഭോക്താവിന്റെ വ്യക്തിവിവരങ്ങൾ ബാങ്കിന്റെ ഉത്തരവാദപ്പെട്ട അധികാരികൾക്ക് ബോധ്യമാകുമ്പോഴാണ് ഉപഭോക്താവിനെ ബാങ്കിനു സ്വീകാര്യനാണെന്ന് കരുതേണ്ടത്. ഉപഭോക്താവിനുമേൽ അനാവശ്യമായ സമ്മർദ്ദവും ബാങ്കിന് പണച്ചെലവും ഒഴിവാക്കുന്നതിനായി ഇത്തരത്തിലുള്ള അപായസാദ്ധ്യത നുൻകൂട്ടിക്കണ്ടുള്ള സമീപനം അത്യാവശ്യമാണ്. അപായ സാദ്ധ്യതയ്ക്ക് പുറമെ വിവരങ്ങൾ ശേഖരണം ഉപഭോക്താവിനെ വ്യക്തി, സ്ഥാപനം എന്നീ തരത്തിൽ വേർതിരിക്കാനും ഉപകരിക്കുന്നു. സാധാരണ വ്യക്തികൾ ബാങ്കിന്റെ ഉപഭോക്താവാകുമ്പോൾ അവരിൽ നിന്നും ആവശ്യമായ തിരിച്ചറിയൽ രേഖകൾ, ആസ്ഥാനം/മേൽവിലാസം, ഏറ്റവും പുതിയഫോട്ടോ എന്നിവ നേടിയിരിക്കേണ്ടതാണ്. നിയമപരമായ വ്യക്തി/സ്ഥാപനം

എന്നിവയ്ക്ക് അക്കൗണ്ട് പ്രവർത്തനം തുടരാൻ ഇനി പറയുന്ന കാര്യങ്ങൾ ചെയ്യേണ്ടതാണ്.

(i) ആവശ്യമായ രേഖകളുടെ സഹായത്തോടെ വ്യക്തിയുടെ/സ്ഥാപനത്തിന്റെ നിയമപദവി തെളിയിക്കപ്പെടണം

(ii) വ്യക്തി/സ്ഥാപനത്തിനുവേണ്ടി മറ്റൊരാൾ പ്രവർത്തിക്കുകയാണെങ്കിൽ അയാളുടെ അവകാശം യഥാവിധം സാക്ഷ്യപ്പെടുത്തേണ്ടതും തിരിച്ചറിയൽ പ്രക്രിയ പൂർത്തിയാക്കേണ്ടതുമാണ്.

(iii) ഉപഭോക്താവിന്റെ ഉടമസ്ഥാവകാശവും പ്രസ്തുക വ്യക്തിയെ നിയന്ത്രിക്കുന്ന ഇതര വ്യക്തികളുടെ തിരിച്ചറിയൽ പ്രക്രിയയും ഉറപ്പാക്കേണ്ടതാണ്. കൂടുതൽ ജാഗ്രത ആവശ്യമായി വരുന്ന നിയമപരമായ വ്യക്തികളെപ്പറ്റി ബാങ്കുകൾക്കുള്ള മാർഗ്ഗ നിർദ്ദേശത്തെപ്പറ്റിയുള്ള അനുബന്ധം 1 ൽ പ്രതിപാദിക്കുന്നു. എന്നാൽ അത്തരം വ്യക്തികളെ/സ്ഥാപനങ്ങളെ വിലയിരുത്തുന്നതിനും ബാങ്കിടപാടുകൾ സുഗമമാക്കുന്നതിനും അതതു ബാങ്കുകൾക്ക് തങ്ങളുടേതായ മാർഗ്ഗരേഖകളെ അവലംബിക്കാവുന്നതും സ്ഥിരപ്രതിഷ്ഠ നേടിയിട്ടുള്ള നിയമപരമായ തത്വങ്ങൾ സ്വീകരിക്കാവുന്നതുമാണ്. ഉപഭോക്തൃ സ്വീകാര്യപദ്ധതി പ്രകാരം ഇത്തരം അക്കൗണ്ടുകൾ ബാങ്കിന് സ്വീകാര്യമാകുമ്പോൾ ഗുണഭോക്താവിന്റെ/ഗുണഭോക്താക്കളുടെ തിരിച്ചറിയൽ തൃപ്തികരമാം വണ്ണം നടത്തിയിരിക്കേണ്ടതാണ്. ഉപഭോക്താവിനെ തിരിച്ചറിയുന്നതിന് ആധാരമാക്കേണ്ട വിവരങ്ങളുടെയും രേഖകളുടെയും ഒരു സൂചനാ ലിസ്റ്റ് അനുബന്ധം II ൽ ചേർത്തിട്ടുണ്ട്.

## ഇടപാടുകൾ വീക്ഷിക്കൽ

4. കെ വൈ സി നടപടിക്രമങ്ങൾക്ക് നടന്നുവരുന്ന നിരീക്ഷണം അനിവാര്യമാണ്. ഉപഭോക്താക്കളുടെ സാധാരണവും ന്യായവുമായ പ്രവർത്തനങ്ങളെക്കുറിച്ചറിഞ്ഞാൽ മാത്രമേ ബാങ്കുകൾക്ക് കാര്യക്ഷമമായ നിയന്ത്രണവും അപായസാധ്യതയില്ലാത്ത പ്രവർത്തനങ്ങളും സാദ്ധ്യമാവുകയുള്ളു. ഇതുവഴി അസാധാരണ ഇടപാടുകൾ തിരിച്ചറിയുകയും ചെയ്യാം. നിരീക്ഷണത്തിന്റെ തോത് അക്കൗണ്ടിന്റെ അപകടസാദ്ധ്യതയെ ആശ്രയിച്ചിരിക്കുന്നു. സങ്കീർണ്ണവും അസാധാരണവും ഭാമവുമായ സപതാര്യമല്ലാത്ത ഇടപാടുകൾ എന്നിവ നിയമപ്രശ്നങ്ങൾക്കിടനൽകുന്നതായിത്തീരാമെന്നതിനാൽ അത്തരം അക്കൗണ്ടുകളുടെ പ്രവർത്തനത്തിൽ ബാങ്കുകൾ അതീവശ്രദ്ധ ാലുക്കളായിരിക്കണം. ചില പ്രത്യേക ഇനം അക്കൗണ്ടുകൾക്ക് ഇടപാടുതുകയ്ക്ക് ബാങ്കുകൾ പരമാവധി പരിധി നിശ്ചയിക്കേണ്ടതും പരിധിക്ക് പുറത്ത്പോകുന്ന ഇടപാടുകളിൻമേൽ ശ്രദ്ധ

വയ്ക്കേണ്ടതുമാണ്. ഉപഭോക്താവിന്റെ സാധാരണ ബാങ്കിംഗ് ഇടപാടുകളിൽ നിന്നും വ്യത്യസ്തമായി ഭീമമായ തുകയ്ക്കുള്ള ഇടപാടുകൾ ഉണ്ടാകുമ്പോൾ അവ സൂക്ഷ്മമായി പരിശോധിക്കേണ്ടതാണ്. അക്കൗണ്ടിൽ ശേഷിപ്പു തുകയിൽ നിന്ന് വിഭിന്നമായി വരുന്ന വൻതുകകൾക്കുള്ള ഇടപാടുകൾ ഉണ്ടാകുമ്പോൾ അവ ബാങ്കിലൂടെ ഒഴുക്കാൻ ശ്രമിക്കുന്നവയാണെന്ന് മനസ്സിലാക്കേണ്ടതാണ്. ബാങ്കിന് അപായ സാധ്യത പ്രകടമാകുന്ന അക്കൗണ്ടിടപാടുകൾ അതിസൂക്ഷ്മനിരീക്ഷണങ്ങൾക്ക് വിധേയമാക്കേണ്ടതാണ്. ഇത്തരത്തിലുള്ള ഇടപാടുകളിൻമേൽ ഉപഭോക്താവിന്റെ പശ്ചാത്തലം, ജന്മദേശം വരുമാനത്തിന്റെ ഉറവിടം, ഇടപാടുകളുടെ സ്വഭാവം, മറ്റ് അപായസാധ്യതകൾ എന്നിവ അതീവശ്രദ്ധയോടെ വിലയിരുത്താനായി ബാങ്കുകൾ അവരുടെതായ രൂപരേഖ തയ്യാറാക്കേണ്ടതാണ്. ജാഗ്രതാനടപടികളെക്കുറിച്ചുള്ള വിലയിരുത്തലുകൾ ആനുകാലികാടിസ്ഥാനത്തിൽ ബാങ്കുകൾ നടത്തേണ്ടതാണ്. പി എം എൽ ചട്ടം, 2002 ലെ സെക്ഷൻ 12 അനുശാസിക്കുന്ന തരത്തിലുള്ള ഇടപാടുകളെ സംബന്ധിക്കുന്ന രേഖ ബാങ്കുകൾ സൂക്ഷിക്കേണ്ടതാണ്. അതുപോലെ സംശയകരമായ രീതിയിൽ നടക്കുന്ന ഇടപാടുകൾ പി എം എൽ ചട്ടം, 2002 ലെ സെക്ഷൻ 12 ൽ വിവരിക്കുന്ന തരത്തിലുള്ള ഇടപാടുകൾ എന്നിവയെക്കുറിച്ച് ബന്ധപ്പെട്ട നിയമനിർവ്വഹണ അധികാരികളെ യഥാസമയം അറിയിച്ചിരിക്കേണ്ടതാണ്.

10 ലക്ഷം രൂപയ്ക്കോ അതിന് മുകളിലോ ഉള്ള എല്ലാ ഇടപാടുകൾക്കും (നിക്ഷേപങ്ങളോ പണം പിൻവലിക്കലോ) ശാഖകൾ ആവശ്യമായ രേഖകൾ സൂക്ഷിക്കേണ്ടതാണെന്ന് ബാങ്കുകൾ നിർദ്ദേശിക്കേണ്ടതാണ്. അക്കൗണ്ടുകളുടെ പ്രവർത്തനം നിരീക്ഷിക്കാനുള്ള ആന്തരിക സംവിധാനം ഓരോ ശാഖയും ഉപയുക്തമാക്കേണ്ടതും സംശായാസ്പദമായവ ഉൾപ്പെടെയുള്ള ഇടപാടുകളെപ്പറ്റി ആനുകാലികാടിസ്ഥാനത്തിൽ ഹെഡ് ഓഫീസ് അല്ലെങ്കിൽ നിയന്ത്രണ ഓഫീസിനെ അറിയിച്ചിരിക്കേണ്ടതുമാണ്.

## 5 അപകടസാദ്ധ്യതാ മാനേജ്മെന്റ്

കെ വൈ സി പരിപാടി നടപ്പിൽ വരുത്തുകയും അതിന്റെ സുഗമമായ പ്രവർത്തനം ഉറപ്പാക്കുകയും ചെയ്യണമെന്ന് ബാങ്കിന്റെ ഡയറക്ടർ ബോർഡ് നിഷ്ക്കർഷിക്കേണ്ടതാണ്. ഈ പരിപാടി കൃത്യമായ മേൽനോട്ടം, പ്രവർത്തന നിയന്ത്രണം, കടമകളുടെ വിഭജനം, ശരിയായ പരിശീലനം എന്നിവയ്ക്ക് ഊന്നൽ നൽകുന്നവാണം. ബാങ്കിന്റെ നയങ്ങളും നടപടിക്രമങ്ങളും നടപ്പാക്കുന്നതിനായി ബാങ്കിനുള്ളിൽ തന്നെ ഓരോരുത്തർക്കായി പ്രത്യേകം ഉത്തരവാദിത്വങ്ങൾ ഏർപ്പെടുത്തേണ്ടതുമാണ്. ബോർഡുമായി ചർച്ച നടത്തി നിലവിലുള്ള/പുതിയ ഉപഭോക്താക്കളുടെ അപകടസാധ്യത പ്രൊഫൈൽ തയ്യാറാക്കേണ്ടതും

ബാങ്കിഗ് അക്കൗണ്ടിലോ ബിസിനസ്സ് ബന്ധത്തിലോ വന്നേക്കാവുന്ന അപകടസ്ദ്ധ്യതകൾ നിരീക്ഷിക്കുകയും വേണ്ടത്ര ആന്റി മണി ലോണ്ടറിഗ് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

കെ വൈ സി യുടെ നയങ്ങളുടെയും നടപടിക്രമങ്ങളുടെയും നടത്തിപ്പിലും അവയുടെ പരിപാലനത്തിലും ബാങ്കിന്റെ ആന്തരിക ഓഡിറ്റ് സംവിധാനം സുപ്രധാന പങ്ക് വഹിക്കുന്നു. ഒരു പൊതുതത്വമെന്നനിലയിൽ, ബാങ്കിന്റെ സ്വന്തം തീരുമാനങ്ങളും നടപടിക്രമങ്ങളും നിയമനിയന്ത്രണ സംവിധാനങ്ങളുടെ പശ്ചാത്തലത്തിൽ വിലയിരുത്തേണ്ടതാണ്. ഇത്തരം പദ്ധതികളെകുറിച്ചും അവയുടെ നടപടി ക്രമങ്ങളെക്കുറിച്ചും മതിയായ അറിവുള്ള ഉദ്യോഗസ്ഥരെ ബാങ്കിന്റെ ഓഡിറ്റ് സംവിധാനത്തിൽ ഉൾപ്പെടുത്തേണ്ടതുമാണ്.

ബ്രാഞ്ച് തലത്തിൽ കെ വൈ സി നടപടിക്രമങ്ങൾ പരിശോധിക്കേണ്ടതും വിലയിരുത്തേണ്ടതും പോരായ്മകൾ ചൂണ്ടിക്കാണിക്കേണ്ടതും കൻകറന്റ്/ആന്തരിക ഓഡിറ്റർമാരുടെ ചുമതലയാണ്. ഇത്തരം പ്രക്രിയകളെകുറിച്ചുള്ള വിവരങ്ങൾ മൂന്ന് മാസം കൂടുമ്പോൾ ബോർഡിന്റെ ഓഡിറ്റ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതാണ്.

കെ വൈ സി നടപടിക്രമങ്ങളിൽ സ്റ്റാഫിന് മതിയായ പരിശീലനം ലഭ്യമാക്കുന്നതിനായി തുടർച്ചയായ തൊഴിൽ പരിശീലനപരിപാടികൾ ബാങ്കുകൾ ആസൂത്രണം ചെയ്യേണ്ടതാണ്. മുൻനിരക്കാരായ സ്റ്റാഫ്, പുതിയ ഉപഭോക്താക്കൾക്ക് സേവനം നൽകാനുള്ള സ്റ്റാഫ്, പരിപാലനം ഉറപ്പാക്കുന്ന സ്റ്റാഫ് എന്നിങ്ങനെ വിവിധതലങ്ങളിൽ പരിശീലനപരിപാടി ക്രമീകരിക്കാവുന്നതാണ്. ബന്ധപ്പെട്ട എല്ലാ സ്റ്റാഫ് അംഗങ്ങളും കെ വൈ സി പദ്ധതിയെക്കുറിച്ചും അവ നടപ്പിലാക്കുന്ന രീതികളെക്കുറിച്ചും തികച്ചും ബോധവാന്മായിരിക്കണ മെന്ന കാര്യം വളരെ പ്രധാനമാണ്.

ഉപഭോക്തൃ വിദ്യാഭ്യാസം

6. കെ വൈ സി പദ്ധതിയുടെ നടപടി ക്രമങ്ങൾ നടപ്പിലാക്കേണ്ടിവരുമ്പോൾ ഉപഭോക്താവിന്റെ വ്യക്തിപരമായ വിവരങ്ങൾ ബാങ്കിന് ശേഖരിക്കേണ്ടതായി വരുന്നു. ഇത് പലപ്പോഴും ഉപഭോക്താവിൽ നിന്നും സുഖകരമല്ലാത്ത പ്രതികരണം ഉളവാക്കുന്നതിനു സാഹചര്യം ഒരുക്കുന്നു. ഇക്കാരണത്താൽ, കെ വൈ സി പദ്ധതികളെക്കുറിച്ചുള്ള വിശദമാക്കുന്ന ലഘുലേഖകളും മറ്റും തയ്യാറാക്കി ഉപഭോക്താക്കളെ ബോധവാന്മാരാക്കേണ്ട ചുമതല ബാങ്കിന് ഉണ്ട്. ബാങ്കിന്റെ മുൻനിര ഓഫീസ് സ്റ്റാഫിന് മതിയായ പരിശീലനം നൽകി ഉപഭോക്താക്കളെ ശരിയായ രീതിയിൽ അഭിമുഖീകരിക്കാനായി സജ്ജമാക്കേണ്ടതാണ്. പുതിയ

സാങ്കേതികവിദ്യയുടെ ആവിഷ്കാരം - ക്രെഡിറ്റ് കാർഡുകൾ/സ്മാർട്ട് കാർഡുകൾ/ഗിഫ്റ്റ് കാർഡുകൾ

7. ഇന്റർനെറ്റ് ബാങ്കിംഗ് പോലുള്ള നൂതന സാങ്കേതിക വിദ്യകൾ ഉപഭോക്താവിന്റെ വ്യക്തി സംബന്ധമായ വിവരങ്ങൾ രഹസ്യമാക്കുമെന്നതിനാൽ മണി ലോണ്ടറിംഗ് ഭീഷണികളെ നേരിടാൻ ബാങ്കുകൾ എപ്പോഴും തയ്യാറായിരിക്കേണ്ടതാണ്. സാധനങ്ങൾ വാങ്ങുക, ATM ൽ നിന്നും പണംപിൻവലിക്കുക, മറ്റ് ഇടപാടുകൾ പൂർത്തീകരിക്കുക തുടങ്ങിയ കാര്യങ്ങൾക്കായി ഉപഭോക്താക്കൾക്ക് ഇലക്ട്രോണിക് കാർഡുകളുടെ ഉപയോഗം ബാങ്കുകൾ തരപ്പെടുത്തിയിട്ടുണ്ട്. ഇത്തരം കാർഡുകളുടെ സേവനദാതാക്കളായി ഏജന്റുമാരെയും നിയോഗിച്ചിട്ടുണ്ട്. ഉപഭോക്താക്കൾക്ക് കാർഡ് ലഭ്യമാക്കുന്നതിന് മുമ്പ് മുന്നോടിയായി കെ വൈ സി നടപടിക്രമങ്ങൾ പൂർത്തിയാക്കിയിട്ടുണ്ടെന്ന് ബാങ്കുകൾ ഉറപ്പ് വരുത്തേണ്ടതാണ്. കാർഡ് മേഖലയുമായി ബന്ധപ്പെട്ട് ഏജന്റുമാരെയും KYC നടപടിക്രമങ്ങൾക്ക് വിധേയരാക്കേണ്ടതാണ്.

നിലനിലുള്ള അക്കൗണ്ടുകൾക്കുള്ള കെ വൈ സി

8. സർക്കുലറുകൾ ഡി ബി ഒ ഡി എ എം എൽ ബി സി47/14.01.001/2003-04, ഡി ബി ഒ ഡി എ എം എൽ ബി സി 129/14.01.001/2003-04, ഡി ബി ഒ ഡി എ എം എൽ ബി സി നമ്പർ 101/14-01.001/2003-04 (യഥാക്രമം നവംബർ 24, 2003, ഡിസംബർ 16,2003, ജൂൺ 21,2004 ) പ്രകാരം ബാങ്കുകൾ ഞങ്ങളുടെ സർക്കുലർ ഡി ബി ഒ ഡി നമ്പർഎ എം എൽ ബി സി18/14.01.001/2002-03 (ആഗസ്റ്റ് 16, 2002 ) ൽ നിർദേശിച്ചിട്ടുള്ള തരത്തിൽ എല്ലാ നിലവിലുള്ള ഉപഭോക്താക്കളെയും കെ വൈ സി നടപടിക്രമങ്ങളെപ്പറ്റി സമയബന്ധിതമായി ബോധവാൻമാരാക്കേണ്ടതാണ്. പരിഷ്കരിച്ച മാർഗ്ഗനിർദേശങ്ങൾ എല്ലാ പുതിയ ഉപഭോക്താക്കൾക്കും ബാധകമായിരിക്കുമെങ്കിലും അപായസാധ്യതയുടെ അടിസ്ഥാനത്തിൽ പ്രസ്തുത നിർദേശങ്ങൾ നിലവിലുള്ള ഉപഭോക്താക്കൾക്കും ബാങ്കുകൾ ബാധകമാക്കേണ്ടതാണ്. നിലവിലുള്ള അക്കൗണ്ടുകൾ ശരിയായ രീതിയിൽ നിരീക്ഷിക്കേണ്ടതും ഏതെങ്കിലും തരത്തിലുള്ള അപാകതകൾ അക്കൗണ്ടുകളുടെ പ്രവർത്തനത്തിൽ പ്രകടമായാൽ സി ഡി ഡി നടപടികൾ പുന:പരിശോധിക്കേണ്ടതുമാണ്. അക്കൗണ്ടിന്റെ സ്വഭാവത്തിനനുസൃതമായി ധനവിനിയോഗത്തിന് പരിധി നിശ്ചയിക്കാവുന്നതുമാണ്. എന്നാൽ കമ്പനികൾ, സ്ഥാപനങ്ങൾ, ട്രസ്റ്റുകൾ, ധർമ്മസ്ഥാപനങ്ങൾ, മതസ്ഥാപനങ്ങൾ, ഇതരസ്ഥാപനങ്ങൾ എന്നിവയുടെ നിലവിലുള്ള അക്കൗണ്ടുകളുടെ നിയമപരമായ ആളുകളെയും ഗുണഭോക്തൃ ഉടമസ്ഥനെയും തിരിച്ചറിയുന്നതിന് പരിമിതമായ കെ വൈ സി മാനദണ്ഡങ്ങൾ നിശ്ചയിച്ചാൽ മതിയാകുന്നതാണ്. ടേം/റെക്കറിംഗ് നിക്ഷേപ അക്കൗണ്ടുകൾ പുതുക്കുന്ന അവസരത്തിൽ

അവയെ പുതിയ അക്കൗണ്ടുകളായി പരിഗണിക്കേണ്ടതും അവയ്ക്ക് പരിഷ്കരിച്ച KYC നടപടിക്രമങ്ങൾ ബാധകമാക്കേണ്ടതുമാണ്.

മതിയായ വിവരങ്ങൾ ലഭ്യമാക്കാതിരിക്കുകയും, വിവരങ്ങൾ കൈമാറാൻ ഉപഭോക്താവ് ബാങ്കുമായി സഹകരിക്കാതിരിക്കുകയും ചെയ്യുന്ന അവസരങ്ങളിൽ തുടങ്ങിയ അവസരങ്ങളിൽ കെ വൈ സി നടപടിക്രമങ്ങൾ പൂർത്തിയാക്കാൻ തടസ്സം നേരിടുന്നതിനാൽ അത്തരം അക്കൗണ്ടുകൾ അവസാനിപ്പിക്കുകയും ഉപഭോക്താവുമായിട്ടുള്ള ബാങ്കിംഗ്/ബിസിനസ്സ് ബന്ധം വിച്ഛേദിക്കേണ്ടതുമാണ്. അത്തരം തീരുമാനം എടുക്കാൻ ബാങ്കിന് പ്രേരിപ്പിച്ചകാരണങ്ങൾ വിശദീകരിച്ച് ഉപഭോക്താവിന് നോട്ടീസ് അയക്കേണ്ടതുമാണ്. ഇത്തരത്തിലുള്ള തീരുമാനം എപ്പോഴും ഉയർന്ന ഉദ്യോഗസ്ഥതലത്തിലായിരിക്കണം.

ഇന്ത്യക്കുപുറത്തുള്ള ശാഖകൾക്കും സഹായങ്ങൾക്കുമുള്ള അധികാരം

9. മുകളിൽ കുറിച്ച മാർഗ്ഗനിർദ്ദേശങ്ങൾ ബാങ്കിന്റെ വിദേശത്തുള്ള ശാഖകൾക്കും ഭൂരിഭാഗം ഉടമസ്ഥതയിലുള്ള സബ്സിഡിയറികൾക്കും ബാധകമായിരിക്കും. പ്രാദേശികനിയമങ്ങൾ അനുവദിക്കുന്ന പരിതിയിലുള്ള എഫ് എ റ്റി എഫ് നിർദേശങ്ങൾ ബാധകമാക്കാത്ത രാജ്യങ്ങളാണ് ഇവപ്രധാനമായും ഉൾക്കൊള്ളേണ്ടത്. പ്രാദേശിക നിയമങ്ങളും നിർദ്ദേശങ്ങളും ഇത്തരം മാർഗനിർദേശങ്ങൾ അനുസരിക്കുന്നതിനെ വിലക്കുന്ന കാര്യം റിസർവ് ബാങ്കിന്റെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതാണ്.

പ്രിൻസിപ്പൽ ഓഫീസറുടെ നിയമനം

10. ഒരു സീനിയർ മാനേജ്മെന്റ് ഓഫീസറെ പ്രിൻസിപ്പൾ ഓഫീസറായി ബാങ്കുകൾ നിയോഗിക്കേണ്ടതാണ്. ബാങ്കിന്റെ ഹെഡ്/കോർപ്പറേറ്റ് ഓഫീസിൽ പ്രിൻസിപ്പൽ ഓഫീസർക്ക് ആസ്ഥാനം ഉണ്ടായിരിക്കേണ്ടതും നിയമപരമായ വിവരകൈമാറ്റത്തിന്റെയും എല്ലാ ഇടപാടുകളുടെയും ഉത്തരവാദിത്വവും പ്രസ്തുത ഓഫീസറിൽ നിക്ഷിപ്തമായിരിക്കേണ്ടതുമാണ്. ബാങ്കുകൾ , എൻഫോഴ്സ്മെന്റ് ഏജൻസികൾ, മണ ിലോണ്ടറിംഗിനെതിരെ പ്രവർത്തിക്കുന്നവർ, ഭീകരപ്രവർത്തനം ചെറുക്കുന്നവർ എന്നിവരൊക്കെയുമായി ഈ ഓഫീസർ വളരെ അടുത്ത ബന്ധം സ്ഥാപിക്കേണ്ടതാണ്.

അനുബന്ധം 1

ഉപഭോക്താവിനെ തിരിച്ചറിയുന്നതിന്റെ ആവശ്യകത - സൂചകമാർഗ്ഗനിർദ്ദേശങ്ങൾ

ട്രസ്റ്റ്/നോമിനി അല്ലെങ്കിൽ ഫിഡ്യൂഷറി അക്കൗണ്ടുകൾ

ഉപഭോക്താവിന്റെ തിരിച്ചറിയൽ പ്രക്രീയയിൽ നിന്നും ഒഴിഞ്ഞുമാറാൻ ട്രസ്റ്റ്/നോമിനി അല്ലെങ്കിൽ ഫിഡ്യൂഷറി അക്കൗണ്ടുകൾ ഉപയോഗിക്കാൻ സാധ്യതയുണ്ട്. ട്രെസ്റ്റിയോ നോമിനിയോ മദ്ധ്യവർത്തിയോ ആയി ഏതേങ്കിലുമൊരു വ്യക്തി ബാങ്കിംഗ് ഇടപാടുകൾ നടത്തുന്നുണ്ടോ എന്നകാര്യം ബാങ്കുകൾ ഉറപ്പുവരുത്തേണ്ടതുണ്ട്. ഇത്തരം സന്ദർഭങ്ങളിൽ പ്രസ്തുത വ്യക്തി/വ്യക്തികളുടെ യഥാർത്ഥ തിരിച്ചറിയൽ ഉറപ്പാക്കേണ്ടതും ബന്ധപ്പെട്ട ട്രസ്റ്റ്, ഇതരസംവിധാനങ്ങൾ എന്നിവയുടെ സ്വഭാവം ഗ്രഹിക്കേണ്ടതുമാണ്. ഒരു ട്രസ്റ്റിന് വേണ്ടി അക്കൗണ്ട് തുടങ്ങുമ്പോൾ ട്രസ്റ്റികൾ, ട്രസ്റ്റിന്റെ സെറ്റിലർമാർ, ഗ്രാന്റേഴ്സ്, സംരക്ഷകർ, ഗുണ ഭോക്താക്കൾ, സിഗ്നറ്ററിമാർ എന്നിവരുടെ തിരിച്ചറിയൽ പ്രക്രീയ പൂർത്തിയാക്കുന്ന കാര്യത്തിൽ ബാങ്കുകൾ അതീവ ജാഗ്രത പുലർത്തേണ്ടതാണ്. സ്ഥാപിത ഗുണ ഭോക്താക്കളായിട്ടുള്ളവരുടെ തിരിച്ചറിയൽ ഉറപ്പുവരുത്തേണ്ടതാണ്. ഫൗണ്ടേഷൻ എന്ന പേരിലുള്ള അക്കൗണ്ടുകളിൽമേൽ സ്ഥാപിത മാനേജർമാർ/ഡയറക്ടർമാർ/ഗുണ ഭോക്താക്കൾഎന്നിവരെക്കുറിച്ചുള്ള വിവരങ്ങളും ശേഖരിക്കേണ്ടതാണ്.

കമ്പനികളുടെയും സ്ഥാപനങ്ങളുടെയും അക്കൗണ്ടുകൾ

ബിസിനസ്സിന്റെ പേരിൽ വ്യക്തികൾ നടത്തുന്ന ഇടപാടുകളെകുറിച്ച് ബാങ്കുകൾ ജാഗരൂകരാകേണ്ടതാണ്. അത്തരം ബിസിനസ്സ് സംവിധാനത്തിന്റെ ഘടന, വരുമാനത്തിന്റെ ഉറവിടം, മാനേജ്മെന്റിലുള്ള ബിസിനസ്സ് താത്പര്യങ്ങൾ, നിയന്ത്രിക്കുന്ന ആളുകളുടെ വിവരങ്ങൾ എന്നിവ ബാങ്കുകൾ സസൂക്ഷ്മം പരിശോധിച്ചിരിക്കണം. അപായസാധ്യത വിലയിരുത്തിയാകണം ഇത്തരം നിരീക്ഷണങ്ങൾ ക്രമീകരിക്കേണ്ടത്. ഒരു പൊതുമേഖലാ കമ്പനിയുടെ കാര്യത്തിൽ എല്ലാ പങ്കാളികളുടെയും തിരിച്ചറിയൽ ഉറപ്പാക്കേണ്ടതില്ല.

കക്ഷികൾക്കായി പ്രൊഫഷനൽ മദ്ധ്യവർത്തികൾ തുടങ്ങുന്ന അക്കൗണ്ടുകൾ

പ്രൊഫഷനൽ മദ്ധ്യവർത്തികൾ ഒരു കക്ഷിക്കുവേണ്ടി അക്കൗണ്ട് തുടങ്ങുമ്പോൾ കക്ഷിയുടെ തിരിച്ചറിയൽ ഉറപ്പുവരുത്തേണ്ടതാണ്. മ്യൂചൽഫണ്ടുകൾ, പെൻഷൻ ഫണ്ടുകൾ, മറ്റു ഫണ്ടുകൾ എന്നിവ മധ്യവർത്തികൾ കൈകാര്യം ചെയ്യുമ്പോൾ ബാങ്കുകൾ അവയിൽമേൽ നിരീക്ഷണം ഏർപ്പെടുത്തേണ്ടതാണ്. വക്കീലൻമാർ/ചാർട്ടേർഡ് അക്കൗണ്ടന്റുകൾ/സ്റ്റോക്ക് ബ്രോക്കർമാർ എന്നിവരുടെ കക്ഷികൾക്കുവേണ്ടി ആരംഭിക്കുന്ന അക്കൗണ്ടുകളിന്മേലും പൂൾഡ് അക്കൗണ്ട് സംവിധാനം ഏർപ്പെടുത്തേണ്ടതാണ്. മധ്യവർത്തികൾ പ്രവർത്തന സജ്ജമാക്കുന്ന ധനവിനിയോഗത്തിൽ സബ് അക്കൗണ്ടുകൾ ഉള്ളതിനാൽ ഓരോന്നിനും ഓരോ ഗുണ ഭോക്താവ് ഉണ്ടായിരിക്കുമെന്ന് മനസ്സിലാക്കേണ്ടതും എല്ലാ ഗുണഭോക്താക്കളുടെയും തിരിച്ചറിയൽ ഉറപ്പുവരുത്തേണ്ടതുമാണ്. ഒരു മധ്യവർത്തി തരപ്പെടുത്തിയ സി ഡി ഡി യെ ബാങ്ക് ആശ്രയിക്കേണ്ടിവരുമെങ്കിലും അത്തരം മധ്യവർത്തിയെ നിയന്ത്രണങ്ങൾക്കും നിരീക്ഷണ ത്തിനും വിധേയമാക്കേണ്ടതും കെ വൈ സി മാനദണ്ഡങ്ങൾ സംരക്ഷിക്കപ്പെടുന്നുവെന്ന് ഉറപ്പ്

വരുത്തേണ്ടതുമാണ്. ഉപഭോക്താവിനെ അടുത്തറിയുക എന്ന പരമമായ ഉത്തരവാദിത്വം ബാങ്കിൽ നിക്ഷിപ്തമാണെന്നകാര്യം അറിഞ്ഞിരിക്കേണ്ടതാണ്.

ഇന്ത്യക്ക് പുറത്ത് വസിക്കുന്ന രാഷ്ട്രീയബന്ധമുള്ള വ്യക്തികളുടെ (പി ഇ പി) അക്കൗണ്ടുകൾ

ഒരു വിദേശ രാജ്യത്തെ പ്രധാന പൊതുപരിപാടിയ്ക്ക് നിയുക്തമാക്കപ്പെട്ട സംസ്ഥാനങ്ങളുടെയോ സർക്കാരിന്റെയോ ഭരണകർത്താക്കൾ ഉന്നത സർക്കാർ/നിയമ/പട്ടാള ഉദ്യോഗസ്ഥർ, സംസ്ഥാന ഉടമസ്ഥതയിലുള്ള കോർപ്പറേഷനുകളിലെ സീനിയർ എക്സിക്യൂട്ടീവ്മാർ, പ്രധാനപ്പെട്ട രാഷ്ട്രീയപാർട്ടി നേതാക്കൻമാർ എന്നിവരെ രാഷ്ട്രീയബന്ധമുള്ള വ്യക്തികളുടെ ഗണത്തിൽപ്പെടുത്താവുന്നതാണ്. മുകളിൽ വിവരിച്ച വിഭാഗത്തിൽപ്പെടുന്ന വ്യക്തി/ഉപഭോക്താവ് എന്നിവരെപ്പറ്റി ആവശ്യമായ വിവരങ്ങൾ ബാങ്കുകൾ ശേഖരിക്കേണ്ടതും ബാങ്കിംഗ് ബന്ധം സ്ഥാപിക്കുന്നതിനു മുൻപായി ഇത്തരക്കാരെപ്പറ്റിയുള്ള പൊതുജനാഭിപ്രായം അറിഞ്ഞിരിക്കുകയും വേണം. ഒരു പി ഇ പി യെ ഉപഭോക്താവായി സ്വീകരിക്കുന്നതിന് മുമ്പ് അയാളെക്കുറിച്ചുള്ള തിരിച്ചറിയൽ പ്രക്രിയ പൂർത്തിയാക്കേണ്ടതും ബാങ്കിലേക്ക് നിക്ഷേപിക്കപ്പെടുന്ന പണത്തിന്റെ ഉറവിടത്തെപ്പറ്റി അന്വേഷിക്കുകയും ചെയ്തിരിക്കണം. പി ഇ പി യെ അക്കൗണ്ട് തുടങ്ങാൻ അനുവദിക്കുമ്പോൾ അതിൻമേലുള്ള അന്തിമ തീരുമാനം ഉപഭോക്തൃസ്വീകാര്യ പദ്ധതിക്ക് വിധേയമായി ഒരു സീനിയർ ഉദ്യോഗസ്ഥനാണ് കൈക്കൊള്ളേണ്ടത്. തുടർച്ചയായ തീവ്ര നിരീക്ഷണം പ്രസ്തുത അക്കൗണ്ടുകളിൽ ബാങ്ക് നടത്തേണ്ടതാണ്. ഇത്തരത്തിലുള്ള നിരീക്ഷണ സംവിധാനം പി ഇ പി യുടെ കുടുംബാംഗങ്ങളുടെയും ഉറ്റ ബന്ധുക്കളുടെയും അക്കൗണ്ടുകളിൻമേലും ഉണ്ടാകേണ്ടതാണ്.

മുഖാമുഖം കൂടിക്കാഴ്ചയില്ലാത്ത ഉപഭോക്താക്കളുടെ അക്കൗണ്ടുകൾ

ടെലിഫോൺ - ഇലക്ട്രോണിക് ബാങ്കിംഗ് സൗകര്യങ്ങളുടെ വരവോടെ ഉപഭോക്താക്കൾക്ക് ബാങ്കിന്റെ ശാഖ സന്ദർശിക്കാതെ തന്നെ അക്കൗണ്ടുകൾ ആരംഭിക്കുവാനുള്ള അവസരം സംജാതമായിരിക്കുകയാണ്. മുഖാമുഖം ബാങ്കിംഗ് പ്രവർത്തനം നടത്താതിരിക്കുന്ന ഉപഭോക്താവിന്റെ കാര്യത്തിൽ തിരച്ചറിയൽ പ്രക്രിയ പൂർത്തിയാക്കേണ്ടതും ഉയർന്നരീതിയിലുള്ള അപായസാധ്യത ഇല്ലാതാക്കുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിക്കേണ്ടതുമാണ്. രേഖകളുടെ നിജസ്ഥിതി യഥാവിധി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതിനു പുറമെ ആവശ്യമായി വരുന്ന അധിക രേഖകളും ആവശ്യപ്പെടാവുന്നതാണ്. ഇത്തരം അക്കൗണ്ടുകളിൽ ഉപഭോക്താവിന്റെ ആദ്യത്തെ പണ മിടപാട് കെ വൈ സി നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്ന മറ്റൊരു ബാങ്കിന്റെ അക്കൗണ്ടിൽ കൂടി നിർവ്വഹിക്കപ്പെടണമെന്ന് നിർദ്ദേശിക്കുകയും വേണം. അതിർത്തിക്കപ്പുറത്തുള്ള ഉപഭോക്താവിന്റെ കാര്യത്തിൽ രേഖകളുടെ ഒത്തുനോക്കൽ ദുഷ്കരമാകാമെങ്കിലും മൂന്നാം

കക്ഷിയുടെ സാക്ഷ്യപ്പെടുത്തൽ/പരിചയപ്പെടുത്തൽ എന്നിവയെ ബാങ്കിന് ആശ്രയിക്കാവുന്നതാണ്. ഇത്തരം സാഹചര്യങ്ങളിൽ മൂന്നാം കക്ഷി നിരീക്ഷണ നിയന്ത്രണ ങ്ങൾക്ക് വിധേയമാണെന്നും ആവശ്യമായ കെ വൈ സി സംവിധാനം നടത്തുന്നുണ്ടെന്നും ഉറപ്പുവരുത്തുക.

കറസ്പോണ്ടന്റ് ബാങ്കിംഗ്

ഒരു ബാങ്ക് (കറസ്പോണ്ടന്റ് ബാങ്ക്) മറ്റൊരുബാങ്ക് (റസ്പോണ്ടന്റ് ബാങ്ക്)ലേക്ക് നൽകുന്ന ബാങ്കിംഗ് സേവനമാണ് കറസ്പോണ്ടന്റ് ബാങ്കിംഗ് എന്ന് വിവക്ഷിക്കുന്നത്. ക്യാഷ്/ഫണ്ട് മാനേജ്മെന്റ്, അന്തർദ്ദേശീയ വയർ ട്രാൻസ്ഫറുകൾ, ഡിമാന്റ്ഡ്രാഫ്റ്റുകളും മെയിൽ ട്രാൻസ്ഫറുകളും തരപ്പെടുത്തൽ, ചെക്ക് ക്ലിയറിംഗ് തുടങ്ങിയ സേവനങ്ങൾ ഈ ഗണ ത്തിൽപെടുന്നവയാണ്. റസ്പോണ്ടന്റ്/കറസ്പോണ്ടന്റ് ബാങ്ക് നടത്തുന്ന ബിസിനസിന്റെ യഥാർത്ഥ സ്വഭാവത്തെക്കുറിച്ച് ആവശ്യമായ വിവരങ്ങൾ ബാങ്കുകൾ ശേഖരിക്കേണ്ടതാണ്. മറ്റേ ബാങ്കിന്റെ മാനേജ്മെന്റ്, പ്രധാനപ്പെട്ട ബിസിനസ് പ്രവർത്തനങ്ങൾ, എ എം എൽ/സി എഫ് റ്റി ലെവൽ, അക്കൗണ്ട് തുടങ്ങുന്നതിന്റെ ഉദ്ദേശം, കറസ്പോണ്ടന്റ് ബാങ്കിംഗ് സേവനം പ്രയോജനപ്പെടുത്തുന്ന മൂന്നാം കക്ഷികളുടെ തിരിച്ചറിയൽ, കറസ്പോണ്ടിന്റെയോ, റസ്പോണ്ടിന്റെയോ രാജ്യങ്ങളിലെ നിയന്ത്രണ നിരീക്ഷണ സംവിധാനം എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ ഏറെ പ്രധാനമാണ്. ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ മറ്റേ ബാങ്കിനെ എപ്പോഴെങ്കിലും മണിലോണ്ടറിംഗ് അല്ലെങ്കിൽ തീവ്രവാദ പ്രവർത്തനങ്ങൾക്കോ ധനസഹായം ഒരുക്കൽ അല്ലെങ്കിൽ നിയന്ത്രണ നടപടി എന്നിവയ്ക്ക് വിധേയമായിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. ബാങ്കുകളുടെ ഇത്തരത്തിലുള്ള സ്ഥാനം ബോർഡിന്റെ അംഗീകാരത്തിന് അനുസൃതമായിട്ടായിരിക്കണമെന്ന നിബന്ധനയുണ്ടെങ്കിലും ചില ബാങ്കുകളുടെ ബോർഡ് ഭരണ നിർവ്വഹണം നടത്തുന്നവർക്ക് പ്രസ്തുത അധികാരം ഒരു ഭരണ ാധികാരത്തിന് നൽകണമെന്നുണ്ടെങ്കിൽ ബാങ്കിന്റെ ചെയർമാൻ/ സി ഇ ഒ തലവനായുള്ള ഒരു കമ്മിറ്റിക്ക് ബാങ്കുകൾ തമ്മിലുള്ള ബന്ധത്തിനു പാലിക്കേണ്ട നിയമങ്ങൾക്ക് വിധേയമായി പ്രവർത്തിക്കാമെന്ന ധാരണയിൻമേൽ അധികാരം കൈമാറാവുന്നതാണ്. കമ്മിറ്റി അംഗീകരിക്കുന്ന നിർദ്ദേശങ്ങൾ ബോർഡിന്റെ അടുത്തയോഗത്തിൽ അംഗീകരിക്കപ്പെടേണ്ടതാണ്. കറസ്പോണ്ടന്റ് ബാങ്കിംഗ് ബന്ധം സ്ഥാപിച്ചിട്ടുള്ള ബാങ്കുകളുടെ ചുമതലകളെക്കുറിച്ച് വ്യക്തമായ രേഖ ഉണ്ടാകേണ്ടതാണ്. അക്കൗണ്ടിൽകൂടി പണം കൈമാറുന്ന ഇടപാടുകളിൽ റസ്പോണ്ടന്റ് ബാങ്ക് ഉപഭോക്താവിന്റെ തിരിച്ചറിയൽ സ്ഥാപിച്ച് കഴിഞ്ഞിട്ടുണ്ടെന്ന് കറസ്പോണ്ടന്റ് ബാങ്ക് ഉറപ്പാക്കേണ്ടതാണ്. ആവശ്യമായി വരുമ്പോൾ ബന്ധപ്പെട്ട ഉപഭോക്താവിന്റെ തിരിച്ചറിയൽ വിവരങ്ങൾ റസ്പോണ്ടന്റ് ബാങ്ക് ലഭ്യമാക്കുമെന്ന് കറസ്പോണ്ടന്റ് ബാങ്ക് ഉറപ്പുവരുത്തേണ്ടതാണ്.

ഒരു ഷെൽ ബാങ്ക് (ഒരു രാജ്യത്ത് സംഘടിപ്പിക്കപ്പെട്ടിട്ടുണ്ടെങ്കിലും പ്രസ്തുത പ്രദേശത്ത് ഭൗതി സാന്നിദ്ധ്യമോ നിയന്ത്രിത സാമ്പത്തിക സമൂഹവുമായി ബന്ധമോ ഇല്ലാതിരിക്കുകയും ചെയ്യുന്ന ബാങ്കിംഗ് പ്രവർത്തനം) മായി കറസ്പോണ്ടന്റ് ബന്ധത്തിലേർപ്പെടാൻ ബാങ്കുകൾ വിമുഖത പ്രദർശിപ്പിക്കേണ്ടതാണ്. ഇന്ത്യയിൽ ഷെൽ ബാങ്കുകൾക്ക് പ്രവർത്തനം നടത്താൻ അനുവാദമില്ല. ഷെൽ ബാങ്കുകളിൽ കൂടി അക്കൗണ്ട് പ്രവർത്തനം നടത്തുന്ന വിദേശശസാമ്പത്തിക സ്ഥാപനങ്ങളുമായിട്ടുള്ള ബന്ധം സ്ഥാപിക്കുന്ന കാര്യത്തിലും ബാങ്കുകൾ മുൻകരുതലുകൾ എടുക്കേണ്ടതാണ്. മോശമായ കെ വൈ സി മാനദണ്ഡങ്ങൾ ഉള്ളതും മണിലോണ്ടറിംഗ്, തീവ്രവാദി സാമ്പത്തികസഹായം എന്നിവയുടെ നിർമ്മാർജ്ജനത്തിന് ആവശ്യമായ സഹകരണം ഉറപ്പാക്കാത്തതുമായ രാജ്യങ്ങളിലെ റസ്പോണ്ടന്റ് ബാങ്കുകളുമായി ബന്ധം തുടരുന്ന കാര്യത്തിൽ ബാങ്കുകൾ അതീവ ജാഗ്രതപുലർത്തേണ്ടതാണ്. റസ്പോണ്ടന്റ് ബാങ്കുകൾക്ക് മണിലോണ്ടറിംഗ് ചെറുക്കുന്ന പദ്ധതികളും നടപടിക്രമങ്ങളും ഉണ്ടെന്നും കറസ്പോണ്ടന്റ് അക്കൗണ്ട് ഇടപാടുകൾ സസൂക്ഷമം പരിശോധിക്കപ്പെട്ടിട്ടുണ്ടെന്നും ബാങ്കുകൾ ഉറപ്പുവരുത്തേണ്ടതാണ്.

അനുബന്ധം 2

ഉപഭോക്താവിനെ തിരിച്ചറിയുന്ന പ്രക്രിയ

ലക്ഷണങ്ങളുടെ പരിശോധനയും ഉപഭോക്താക്കളിൽ നിന്നും ലഭിക്കുന്ന രേഖകളും

| ലക്ഷണങ്ങൾ | രേഖകൾ | |
|---|---|---|
| വ്യക്തിഗത അക്കൗണ്ടുകൾ നിയമപരമായ പേരും ഉപയോഗപ്പെടുത്തുന്ന മറ്റെന്തെങ്കിലും പേരുകൾ | (i) | പാസ്പോർട്ട് |
| | (ii) | പാൻകാർഡ് |
| | (iii) | വോട്ടർ തിരിച്ചറിയൽ കാർഡ് |
| | (iv) | ഡ്രൈവിംഗ് ലൈസൻസ് |
| | (v) | തിരിച്ചറിയൽകാർഡ് (ബാങ്കിന് സമ്മതമായിട്ടുള്ളത്) |
| | (vi) | അംഗീകൃത പൊതുഅധികാരികളിൽ നിന്നോ സർക്കാർ ഉദ്യോഗസ്ഥനിൽ നിന്നോ ഉപഭോക്താവിന്റെ തിരിച്ചറിയലും വാസസ്ഥലവും സാക്ഷ്യപ്പെടുത്തിയിട്ടുള്ളതും ബാങ്കിന് സമ്മതവുമായ കത്ത് |
| കൃത്യമായ സ്ഥിരം മേൽവിലാസം | (i) | ടെലഫോൺബിൽ |
| | (ii) | ബാങ്ക് അക്കൗണ്ട് പ്രസ്താവന |
| | (iii) | അംഗീകൃത പൊതുഅധികാരികളിൽ നിന്നുള്ള |

| | | |
|---|---|---|
| | | കത്ത്. |
| | (iv) | വൈദ്യൂതി ബിൽ |
| | (v) | റേഷൻകാർഡ് |
| | (vi) | തൊഴിൽദാതാവിൽ നിന്നുള്ള കത്ത് (ബാങ്കിന് സമ്മതമായിട്ടുള്ളത്) |
| | (ബാങ്കിന് സമ്മതമായിട്ടുള്ളതും ഉപഭോക്താവിനെക്കുറിച്ചുള്ള വിവരങ്ങൾ അടങ്ങിയതുമായ ഏതെങ്കിലും ഒരു രേഖ മതിയാകുന്നതാണ്) | |
| കമ്പനികളുടെ അക്കൗണ്ട്<br>കമ്പനിയുടെ പേര്<br>ബിസിനസ്സ് ആസ്ഥാനം | (i) | സർട്ടിഫിക്കറ്റ് ഓഫ് ഇൻകോർപ്പറേഷൻ & മെമ്മോറാണ്ടം, ആർട്ടിക്കിൾ ഓഫ് അസ്സോസിയേഷൻ |
| കമ്പനിയുടെ കത്തിടപാടുകൾക്കുള്ള മേൽവിലാസം<br>ടെലിഫോൺ/ഫാക്സ് നമ്പർ | **(ii)** | ബാങ്ക് അക്കൗണ്ട് തുടങ്ങാനുള്ള ബോർഡ് ഓഫ് ഡയറക്ടേഴ്സിന്റെ തീരുമാനവും അക്കൗണ്ട് പ്രവർത്തനം നടത്താൻ അധികാരപ്പെടുത്തിയിട്ടുള്ളവരുടെ തിരിച്ചറിയലും |
| | **(iii)** | കമ്പനിക്ക് വേണ്ടി ഇടപാടുകൾ നടത്താൻ അധികാരം നൽകാൻ കമ്പനിയുടെ മാനേജർമാർക്ക് അനുവദിക്കുന്ന പവർ ഓഫ് അറ്റോർണി. |
| | **(iv)** | പാൻ അനുവദിക്കുന്ന കത്തിന്റെ പകർപ്പ് |
| | **(v)** | ടെലിഫോൺ ബില്ലിന്റെ പകർപ്പ് |
| പാർട്ട്ണർഷിപ്പ് സ്ഥാപനങ്ങളുടെ അക്കൗണ്ട് | (i) | രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ടെങ്കിൽ രജിസ്ട്രേഷൻ നമ്പർ |
| നിയമപരമായ പേര് | (ii) | പാർട്ട്ണർഷിപ്പ് ഉടമ്പടി |
| മേൽവിലാസം<br>പാർട്ട്ണർമാരുടെ പേരും മേൽവിലാസവും<br>സ്ഥാപനത്തിന്റെയും പാർട്ട്ണർമാരുടെയും ടെലിഫോൺ നമ്പരുകൾ | (iii) | സ്ഥാപനത്തിന് വേണ്ടി ഇടപാടുകൾ നടത്താൻ ഒരു പാർട്ട്ണർക്കോ ഒരു ജീവനക്കാരനോ നൽകപ്പെട്ടിട്ടുള്ള പവർ ഓഫ് അറ്റോർണി |
| | (iv) | പാർട്ട്ണർമാരെയും പവർ ഓഫ് അറ്റോർണി കൈവശമുള്ള വ്യക്തികളുടെയും തിരിച്ചറിയൽ |

| | | |
|---|---|---|
| | | സാധ്യമാക്കുന്നതിനുള്ള ഔദ്യോഗിക മൂല്യമുള്ള രേഖയും അവരുടെ മേൽവിലാസങ്ങളും |
| | (v) | സ്ഥാപനം/പാർട്ട്ണർമാരുടെ എന്നിവരുടെ പേരിലുള്ള ടെലഫോൺബിൽ |
| ട്രസ്റ്റുകളുടെയും ഫൗണ്ടേഷനുകളുടെയും അക്കൗണ്ടുകൾ | (i) | രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ടെങ്കിൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് |
| ട്രസ്റ്റികൾ, സെറ്റിലർമാർ, ഗുണ ഭോക്താക്കൾ, സിഗ്നറ്ററിമാർ എന്നിവരുടെ പേരുകൾ | (ii) | സ്ഥാപനത്തിന് വേണ്ടി ഇടപാടുകൾ നടത്താൻ അനുവാദം നൽകുന്ന പവർ ഓഫ് അറ്റോർണി |
| സ്ഥാപകൻ, മാനേജർമാർ/ഡയറക്ടർമാർ, ഗുണഭോക്താക്കൾ എന്നിവരുടെ പേരുകളും മേൽവിലാസങ്ങളും | (iii) | ട്രസ്റ്റികൾ, സെറ്റിലർമാർ, ഗുണഭോക്താക്കൾ, സിഗ്നറ്ററിമാർ, പവർ ഓഫ് അറ്റോർണി കൈവശമുള്ളവർ, സ്ഥാപകർ/മാനേജർമാർ, ഡയറക്ടർമാർ എന്നിവരെ തിരിച്ചറിയുന്നതിനുള്ള ഔദ്യോഗികമൂല്യമുള്ള ഏതെങ്കിലും രേഖയും അവരുടെ മേൽവിലാസങ്ങളും |
| ടെലിഫോൺ/ഫാക്സ് നമ്പരുകൾ | (iv) | ഫൗണ്ടേഷൻ /അസ്സോസിയേഷൻ എന്നിവയുടെ മാനേജിംഗ് ബോഡിയുടെ തീരുമാനം |
| | (v) | ടെലിഫോൺ ബില്ല്. |